"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

<u>സംഗ്രഹം</u>

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ആരോഗ്യ വകുപ്പ് - ജീവനക്കാര്യം - ആരോഗ്യ വകുപ്പിലെ അസിസ്റ്റന്റ് സർജൻമാരുടെ 2023 വർഷത്തെ പൊതുസ്ഥലംമാറ്റം - ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ ഫയൽ ചെയ്യപ്പെട്ട ഒഎ നം. 2108, 1866, 2087 & 2094 നമ്പർ കേസുകളിൽ ബഹു. ട്രിബ്യൂണൽ 20.12.2023 തീയതിയിൽ പുറപ്പെടുവിച്ച ഉത്തരവ് - അനുപാലന ഉത്തരവ് - പുറപ്പെടുവിക്കുന്നു.

---

ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പ്

സ.ഉ.(സാധാ) നം.39/2024/H&FWD തീയതി,തിരുവനന്തപുരം, 08-01-2024

---

പരാമർശം:-

1. സ.ഉ.(സാധാ) നം.2655/2023/H&FWD തീയതി 12.10.2023 (Annexure 3 in OA No. 1866/2023)
2. സ.ഉ(സാധാ) നം. 2104/2023/H&FWD തീയതി 17.8.2023 (Annexure 11 in OA No. 1866/2023)
3. സ.ഉ.(സാധാ) നം. 2533/2023/H&FWD തീയതി 2.10.2023 (Annexure 14 in OA No. 2108/2023)
4. ആരോഗ്യവകുപ്പ് ഡയറക്ടറുടെ 20.11.2023 തീയതിയിലെ ഇഎ2-151/2023/ആവഡ നമ്പർ നടപടിക്രമം
5. ആരോഗ്യവകുപ്പ് ഡയറക്ടറുടെ 22.11.2023 തീയതിയിലെ ഇഎ2-151/2023/ആവഡ നമ്പർ നടപടിക്രമം
6. സ.ഉ(സാധാ) നം. 3349/2023/H&FWD തീയതി 20.12.2023
7. ആരോഗ്യവകുപ്പ് ഡയറക്ടറുടെ 21.12.2023, 5.1.2024 എന്നീ തീയതികളിലെ ഇഎ2/2067/2023 നമ്പർ കത്തുകൾ
8. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ ഫയൽ ചെയ്യപ്പെട്ട 2023 വർഷത്തെ ഒഎ നം. 2108, 1866, 2087, 2094 നമ്പർ കേസുകളിൽ ബഹു. ട്രിബ്യൂണൽ 20.12.2023 തീയതിയിൽ പുറപ്പെടുവിച്ച ഉത്തരവ്.

<u>ഉത്തരവ്</u>

ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ ഫയൽ

ചെയ്യപ്പെട്ട 2023 വർഷത്തെ ഒഎ നം. 2108, 1866, 2087, 2094 നമ്പർ കേസുകളിൽ ബഹു. ട്രിബ്യൂണൽ 20.12.2023 തീയതിയിൽ പരാമർശം (8) പ്രകാരം പുറപ്പെടുവിച്ച ഉത്തരവിൽ ചുവടെ കാണുംപ്രകാരം ഉത്തരവായിരുന്നു.

" There shall be a direction to the respondents 1 and 2, to see that (i) Dr. Chithra S is accommodated at Uzhamalakkal in tune with the order in her appeal, (ii) to post Dr. Vidya R Vijayan at Vilavoorkkal that also in accordance with the order in her appeal, (iii) accommodate Dr. Kaveri Varma also in accordance with the order in her appeal by suitably modifying the order passed by the 2nd respondent on 22.11.2023. Respondents are directed to issue the orders within one week".

2. ബഹു. ട്രിബ്യൂണലിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സർക്കാർ ടി വിഷയം വിശദമായി പരിശോധിക്കുകയുണ്ടായി.

തിരുവനന്തപുരം ജില്ലയിലെ വാമനപുരം കുടുംബാരോഗ്യ കേന്ദ്രത്തിൽ അസിസ്റ്റന്റ് സർജനായിരിക്കേ 2023 വർഷത്തെ അസിസ്റ്റന്റ് സർജൻമാരുടെ പൊതുസ്ഥലംമാറ്റ ഉത്തരവിൽ ഡോ.ചിത്ര.എസ്- നെ പത്തനംതിട്ട ജില്ലയിലെ അടൂർ ജനറലാശുപത്രിയിലേക്ക് സ്ഥലംമാറ്റം നൽകി നിയമിച്ചിരുന്നു. ടി നടപടിക്രമത്തിനെതിരെ ടിയാൾ സർക്കാരിൽ അപ്പീൽ അപേക്ഷ സമർപ്പിക്കുകയും ബഹു.അഡ്മിനിസ്ട്രേറ്റീവ് ടിബ്യൂണൽ മുൻപാകെ ഒഎ നം 1024//2023 ആയി കേസ് ഫയൽ ചെയ്യുകയും ചെയ്തു. തുടർന്ന് ട്രിബ്യൂണലിന്റെ ഉത്തരവനുസരിച്ച് അസിസ്റ്റന്റ് സർജൻമാരുടെ പൊതുസ്ഥലംമാറ്റം സംബന്ധിച്ച അപ്പീലുകൾ കേൾക്കുന്നതിനായി രൂപീകരിച്ച കമ്മിറ്റി 11-08-2023 ൽ ചേർന്ന യോഗത്തിൽ ടിയാളെ നേരിൽ കേൾക്കുകയും ടിയാളുടെ അപ്പിൽ പരിശോധിക്കുകയും പരാമർശം (1) പ്രകാരം ടിയാളുടെ അപ്പീലിൽ തീരുമാനമെടുക്കുകയും ചെയ്തിരുന്നു. ടി ഉത്തരവ് പ്രകാരം ഉഴമലക്കൽ കുടംബാരോഗ്യ കേന്ദ്രത്തിലെ നിലവിലുള്ള ഒഴിവിലേക്ക് നിയമനം നൽകണമെന്ന ടിയാളുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ അർഹതക്കനുസരിച്ച് ടിയാളെ പരിഗണിക്കുന്നതിന് നിർദേശം നൽകിയിരുന്നു. ഇതു കൂടാതെ അസിസ്റ്റന്റ് സർജൻമാരുടെ പൊതുസ്ഥലംമാറ്റത്തിനെതിരായി ഡോ.വിദ്യ ആർ വിജയൻ സമർപ്പിച്ച അപ്പിൽ അപേക്ഷ തീർപ്പാക്കിക്കൊണ്ട് പരാമർശം (2) പ്രകാരവും ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. തുടർന്ന് സർക്കാർ പരിഗണനയിലുണ്ടായിരുന്ന അപ്പീലുകളിൽ തീരുമാനമായതിനെ തുടർന്ന് ആരോഗ്യ വകുപ്പ് ഡയറക്ടർ ഡോ.വിദ്യാ ആർ വിജയന്റെ ആരോഗ്യാവസ്ഥ പരിഗണിച്ചുകൊണ്ട് ഉഴമലക്കൽ പ്രാഥമികാരോഗ്യ കേന്ദ്രത്തിലും ഡോ.ചിത്ര എസ്-ന് പാറശ്ശാല

താലൂക്കാശുപത്രിയിലും നിയമനം നൽകിക്കൊണ്ട് പരാമർശം (4) പ്രകാരം ഉത്തരവാകുകയുണ്ടായി .

3. കൂടാതെ അസിസ്റ്റന്റ് സർജൻമാരുടെ 2023 വർഷത്തെ പൊതുസ്ഥലംമാറ്റ ഉത്തരവ് പ്രകാരം മലയിൻകീഴ് താലൂക്കാശുപത്രിയിൽ നിന്നും ആലപ്പുഴ ആറാട്ടുപുഴ പ്രാഥമികാരോഗ്യ കേന്ദ്രത്തിലേക്ക് സ്ഥലംമാറ്റം നൽകപ്പെട്ട ഡോ.കാവേരി വർമ്മ ബഹു അഡ്മിനിസ്ട്രേറ്റിവ് ട്രിബ്യൂണൽ മുൻപാകെ ഫയൽ ചെയ്ത ഒഎ നം 1051/2023 കേസിലെ ഉത്തരവ് അനുപാലിച്ചുകൊണ്ട് പരാമർശം (3) പ്രകാരമുള്ള ഉത്തരവും പുറപ്പെടുവിക്കുകയുണ്ടായി . പ്രസ്തുത ഉത്തരവ് പ്രകാരം ഡോ.കാവേരി വർമ അപ്പിൽ അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്ന സ്ഥലങ്ങളിലേക്ക് അർഹതക്കനുസരിച്ച് ടിയാളെ പരിഗണിക്കുന്നതിന് ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നിർദേശം നൽകിയിരുന്നു. നേരിൽ കേൾക്കുന്നവേളയിലും സർക്കാർ മുൻപാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിലും ടിയാൾ തിരുവനന്തപുരം ജില്ലയിൽ നിയമനം നൽകുന്നതിന് ആവശ്യപ്പെട്ടിരുന്നു. ആരോഗ്യ വകുപ്പ് ഡയറക്ടർ പരാമർശം (5) ലെ നടപടിക്രമം പ്രകാരം ആലപ്പുഴ ആറാട്ടുപുഴ സാമൂഹികാരോഗ്യ കേന്ദ്രത്തിലെ മെഡിക്കൽ ഓഫീസറായ ഡോ.കാവേരി വർമ്മയെ വർക്കല ഇടവ പ്രാഥമികാരോഗ്യ കേന്ദ്രത്തിലേക്ക് സ്ഥലംമാറ്റം നൽകി നിയമിച്ചിരുന്നു .

4ഡോ.ചിത്ര .എസ് ഉം, ഡോ.വിദ്യ.ആർ വിജയനും പൊതുസ്ഥലമാറ്റ അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്ന സ്ഥലങ്ങളിലേക്കല്ല ആരോഗ്യ വകുപ്പ് ഡയറക്ടർ നിയമനം നൽകിയിരിക്കുന്നത്. ഇവർ രണ്ടുപേരും ഉഴമലക്കൽ പ്രാഥമികാരോഗ്യ കേന്ദ്രമോ പാറശ്ശാല താലൂക്കാശുപത്രിയോ അപേക്ഷയിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ ടി സ്റ്റേഷനുകളിലേയ്ക്കുള്ള ക്യൂ ലിസ്റ്റിൽ ടിയാളുകളെ ഉൾപ്പെടുത്താനാകുകയില്ല. ഡോ.കാവേരി വർമ്മ പൊതുസ്ഥലമാറ്റത്തിന് അപേക്ഷ സമർപ്പിച്ചിരുന്നുമില്ല. പൊതുസ്ഥലംമാറ്റത്തിനെതിരായി സമർപ്പിക്കപ്പെട്ടിരുന്ന അപ്പീലപേക്ഷകൾ തീർപ്പികൽപ്പിച്ചുകൊണ്ട് പുറപ്പെടുവിക്കപ്പെട്ട പരാമർശം (1), (2), (3) സർക്കാർ ഉത്തരവുകൾ അനുപാലിച്ചുകൊണ്ട്, നിയമനാധികാരി എന്നനിലയിൽ, ഡോ.ചിത്ര.എസ് -നും ഡോ.വിദ്യ.ആർ. വിജയനും, ഡോ.കാവേരി വർമ്മക്കും നിയമനം നൽകിക്കൊണ്ട് ആരോഗ്യ വകുച്ച് ഡയറകർ പരാമർശം (4),(5)എന്നിവ പ്രകാരം ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുള്ളതിനാൽ OA 1866/2023 നമ്പർ കേസിലെ Annexure 3, Annexure 11 ലും കൂടാതെ OA No. 2108/2023 നമ്പർ കേസിലെ Annexure A14 എന്നീ ഉത്തരവുകളിലെ നിർദ്ദേശങ്ങൾ ആരോഗ്യ വകുപ്പ് ഡയറക്ടർ ചട്ടപ്രകാരം പാലിച്ചിട്ടുള്ളതായി ബഹു. ട്രിബ്യൂണലിനെ അറിയിച്ചുകൊണ്ടും

ബഹു. ട്രിബ്യൂണൽ 12.12.2023 തീയതിയിൽ പുറപ്പെടുവിച്ച ഉത്തരവ് അനുപാലിച്ചുകൊണ്ടും പരാമർശം (6) പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

5. എന്നാൽ മേൽ വിഷയത്തിന്മേൽ 20.12.2023 ലെ പരാമർശം (8) പ്രകാരമുള്ള ബഹു. ട്രിബ്യൂണലിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ, സർക്കാർ വീണ്ടും ഈ വിഷയം പരിശോധിക്കുകയുണ്ടായി. പരാമർശം (5) പ്രകാരം ഡോ. കാവേരി വർമ്മയ്ക്ക് വർക്കല ഇടവ പ്രൈമറി ഹെൽത്ത് സെന്ററിൽ നിയമനം നൽകിക്കൊണ്ട് ടിയാളുടെ പരാതി ഇതിനകം തന്നെ പരിഹരിച്ച് ഉത്തരവായിട്ടുണ്ട്. ആയതിനാൽ ഡോ. ചിത്ര. എസ്-നെ തിരുവനന്തപുരം ഉഴമലയ്ക്കൽ പ്രൈമറി ഹെൽത്ത് സെന്ററിലും, ഡോ. വിദ്യ ആർ വിജയനെ വിളവൂർക്കൽ പ്രൈമറി ഹെൽത്ത് സെന്ററിലും നിയമനം നൽകുന്നതിന് ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് ഇതിനാൽ നിർദ്ദേശം നൽകി പരാമർശം (8) പ്രകാരമുള്ള ബഹു.അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഉത്തരവ് അനുപാലിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

6. കൂടാതെ, പരാമർശം (4) നടപടിക്രമം പ്രകാരം ഡോ. ചിത്ര. എസ്-ന് കാഷ്വാലിറ്റി മെഡിക്കൽ ഓഫീസറായി പാറശ്ശാല താലൂക്കാസ്ഥാന ആശുപത്രിയിലും, ഡോ. വിദ്യ ആർ വിജയന് തിരുവനന്തപുരം ഉഴമലയ്ക്കൽ പ്രൈമറി ഹെൽത്ത് സെന്ററിലും ആരോഗ്യവകുപ്പ് ഡയറക്ടർ നൽകിയ നിയമനം റദ്ദ് ചെയ്തുകൊണ്ടും, പരാമർശം (5) പ്രകാരം ഡോ. കാവേരി വർമ്മയ്ക്ക് വർക്കല ഇടവ പ്രൈമറി ഹെൽത്ത് സെന്ററിൽ നിയമനം നൽകിയ ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം സാധൂകരിച്ചുകൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SREEJITH V P

ജോയിന്റ് സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം (ആമുഖക്കത്ത് സഹിതം)

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by R Renuka
Date: 08-01-2024 17:26:21

സെക്ഷൻ ഓഫീസർ

<u>മേലെഴുത്ത് നം: ഇ.എ2-151/2023/ആ.വ.ഡ തീയതി :09-01-2024</u>

സർക്കാർ ഉത്തരവിൻറെ പകർപ്പ് ബന്ധപ്പെട്ട ജീവനക്കാരുടെ അറിവിലേക്കും, അനന്തര നടപടികൾക്കും വെബ്സൈറ്റ് പ്രസിദ്ധീകരണത്തിനുമായി നൽകുന്നു.

ആരോഗ്യവകുപ്പ് ഡയറക്ടർക്കു വേണ്ടി

**ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം**
**തിരുവനന്തപുരം**

വിഷയം:- ആ.വ.ഡ- ജീവനക്കാര്യം - ഒഎ നം. 2108,1866,2087 & 2094/2023 ഹർജിയിന്മേൽ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യുണൽ പുറപ്പെടുവിച്ച 20/12 /2023 തീയതിയിലെ ഉത്തരവിൻമേൽ അനുപാലന ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1.ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യുണൽ മുൻപാകെ ഫയൽ ചെയ്യപ്പെട്ട 2023 വർഷത്തെ ഒഎ നം. 2108, 1866, 2087, 2094 നമ്പർ കേസുകളിൽ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യുണലിന്റെ 20 .12 .2023 തീയതിയിലെ ഉത്തരവ്.

2.സ.ഉ (സാധാ) നം.39/2024/H&FWD തീയതി:08/01/2024.

3.ഉത്തരവ് നം.ഇ.എ2-151/2023/ആ.വ.ഡ തീയതി 22.11.2023.

**ഉത്തരവ് നം.ഇ.എ2-151/2023/ആ.വ.ഡ തീയതി:09-01-2024**

മേൽ പരാമർശം 1,2 ഉത്തരവുകളുടെ അടിസ്ഥാനത്തിൽ പരാമർശം 3 ഉത്തരവിൽ തിരുത്തൽ വരുത്തി താഴെ പറയുന്ന പ്രകാരം മെഡിക്കൽ ഓഫീസർമാരെ സ്ഥലം മാറ്റി ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യുണൽ മുൻപാകെ ഫയൽ ചെയ്യപ്പെട്ട 2023 വർഷത്തെ ഒഎ നം .2108, 1866, 2087 ,2094 നമ്പർ കേസുകളിൽ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യുണലിന്റെ 20.12.2023 തീയതിയിലെ ഉത്തരവ് അനുപാലിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

| ക്രമ നം | പേര് ,പെൻ<br>നിലവിലെ സ്ഥാപനം | സ്ഥലം മാറ്റുന്ന സ്ഥാപനം |
|---|---|---|
| 1 | ഡോ.ചിത്ര എസ്<br>പെൻ- 715483<br>അസിസ്റ്റന്റ് സർജൻ | പ്രാഥമികാരോഗ്യ കേന്ദ്രം,<br>ഉഴമലയ്ക്കൽ,<br>തിരുവനന്തപുരം (ഡോ.വിദ്യ ആർ വിജയനു പകരം). |
| 2 | ഡോ.വിദ്യ ആർ വിജയൻ,<br>പെൻ-701654<br>അസിസ്റ്റന്റ് സർജൻ,<br>പ്രാഥമികാരോഗ്യ കേന്ദ്രം,<br>ഉഴമലയ്ക്കൽ,<br>തിരുവനന്തപുരം, | പ്രാഥമികാരോഗ്യ കേന്ദ്രം,<br>വിളവൂർക്കൽ,<br>തിരുവനന്തപുരം,<br>(ഡോ.പ്രേംസുജല ലതക്ക് പകരം) |

135462/2024

| | | |
|---|---|---|
| 3 | ഡോ.പ്രേംസുജല ലത,<br>പെൻ-679867<br>അസിസ്റ്റന്റ് സർജൻ,<br>പ്രാഥമികാരോഗ്യ കേന്ദ്രം,<br>വിളവൂർക്കൽ,<br>തിരുവനന്തപുരം, | പ്രാഥമികാരോഗ്യകേന്ദ്രം,<br>പാക്കം,<br>വയനാട്. |
| 4 | ഡോ.കാവേരി വർമ്മ<br>അസിസ്റ്റന്റ് സർജൻ<br>പെൻ-511042<br>പ്രാഥമികാരോഗ്യ കേന്ദ്രം<br>ആറാട്ടുപുഴ<br>ആലപ്പുഴ | പ്രാഥമികാരോഗ്യ കേന്ദ്രം<br>ഇടവ,<br>തിരുവനന്തപുരം.<br>(ഡോ.ശാരിമ പി ക്ക് പകരം) |
| 5 | ഡോ.ശാരിമ പി,<br>പെൻ-934825<br>അസിസ്റ്റന്റ് സർജൻ,<br>പ്രാഥമികാരോഗ്യ കേന്ദ്രം,<br>ഇടവ,<br>തിരുവനന്തപുരം. | ജനറൽ ആശുപത്രി,<br>തിരുവനന്തപുരം<br>(ഡോ.അഞ്ജന എ ക്ക് പകരം ) |
| 6 | ഡോ അഞ്ജന എ<br>അസിസ്റ്റന്റ് സർജൻ<br>ജനറൽ ആശുപത്രി<br>തിരുവനന്തപുരം | കുടുംബാരോഗ്യകേന്ദ്രം<br>തോണിപ്പാറ<br>തിരുവനന്തപുരം. |

കൊല്ലം നിലമേൽ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലെ അസിസ്റ്റന്റ് സർജൻ ഡോ.ആര്യ സി അർജ്ജുനെ പരാമർശം 3 ഉത്തരവിൽ ക്രമനമ്പർ 20 പ്രകാരം പ്രാഥമികാരോഗ്യ കേന്ദ്രം വിളവൂർക്കൽ തിരുവനന്തപുരത്തേക്ക് സ്ഥലമാറ്റം ചെയ്തിരുന്നു. പ്രസ്തുത സ്ഥലം മാറ്റം റദ്ദ് ചെയ്തും ഉത്തരവാകുന്നു.

Signed by
Dr Reena K J
Date: 09-01-2024 16:35:37

ആരോഗ്യവകുപ്പ് ഡയറക്ടർ

135462/2024

സ്വീകർത്താവ്: മെഡിക്കൽ ഓഫീസർമാർ

പകർപ്പ് : 1 അഡ്വക്കേറ്റ് ജനറൽ ഓഫീസ്, തിരുവനന്തപുരം
2.അക്കൗണ്ടൻറ് ജനറൽ (എ&ഇ), തിരുവനന്തപുരം
3.ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ആഫീസർ (ആരോഗ്യം)
4.ബന്ധപ്പെട്ട സൂപ്രണ്ട്/ മെഡിക്കൽ ഓഫീസർമാർ
5.ഫയൽ/ കരുതൽ ഫയൽ